## III

## വികേന്ദ്രീകൃത സമീപനം

**ജനകീയാസൂത്രണം**

**67) അടുത്ത ആഗസ്റ്റ് മാസത്തിൽ ജനകീയാസൂത്രണത്തിന്റെ 25-ാം വർഷത്തിലേയ്ക്ക് നാം കടക്കുകയാണ്. ജനകീയാസൂത്രണത്തിന്റെ ആരംഭം മുതൽ അധികാര വികേന്ദ്രീകരണത്തിൽ കേരളമാണ് ഇന്ത്യയിൽ ഒന്നാമത്. വൻകിട പശ്ചാത്തലസൗകര്യങ്ങൾക്കും നിക്ഷേപങ്ങൾക്കും കേന്ദ്രീകൃതമായ സംവിധാനങ്ങൾക്കാണ് പ്രാമുഖ്യമെങ്കിൽ ജനകീയ പങ്കാളിത്തം അനിവാര്യമാകുന്ന ചെറുകിട ഉൽപ്പാദന മേഖലകൾ, സേവനത്തുറകൾ**

എന്നിവിടങ്ങളിൽ അധികാര വികേന്ദ്രീകരണത്തിനാണ് ഊന്നൽ. ഇത്തരമൊരു ദ്വിമുഖ വികസനസമീപനമാണ് നാം സ്വീകരിക്കുന്നത്.

68) കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷത്തെ വികേന്ദ്രീകൃതാസൂത്രണ അനുഭവങ്ങൾ അവലോകനം ചെയ്യേണ്ടതുണ്ട്. 1996-ലെ വികസന റിപ്പോർട്ടിൽ വിഭാവനം ചെയ്ത എന്തെല്ലാം നേടി, നേടിയില്ല, പുതിയതായി ഏതെല്ലാം ദിശകളിലേയ്ക്ക് മുന്നേറി എന്നതൊക്കെ സംബന്ധിച്ച സമഗ്ര റിപ്പോർട്ട് ഓരോ ഗ്രാമപഞ്ചായത്തും മുനിസിപ്പാലിറ്റിയും തയ്യാറാക്കണം. റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കർമ്മസമിതികളെ മെയ് മാസത്തിൽ നിയോഗിക്കും. പുതിയ ഭരണസമിതികൾ ഈ റിപ്പോർട്ട് അംഗീകരിച്ചശേഷം വിപുലമായ പ്രാദേശിക ചർച്ചകൾക്കു വിധേയമാക്കും.

69) ഈ അനുഭവങ്ങൾ അവതരിപ്പിക്കുന്ന വിപുലമായ സംഗമം 2021 നവംബറിൽ കില സംഘടിപ്പിക്കുന്നതാണ്. 2000ലെ അന്തർദേശീയ സെമിനാറിൽ പങ്കെടുത്ത പണ്ഡിതന്മാർ, മറ്റു ഗവേഷകർ, ജനപ്രതിനിധികൾ, സന്നദ്ധ

പ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങിയവരെയെല്ലാം ഈ സംഗമത്തിൽ പങ്കെടുപ്പിക്കും. ഇതിന് 1 കോടി രൂപ അനുവദിക്കുന്നു.

**നമ്മൾ നമുക്കായി**

70) ജനകീയാസൂത്രണത്തിന്റെ 25-ാം വർഷത്തിൽ മറ്റൊരു ജനകീയ യജ്ഞത്തിന് കേരളം സാക്ഷ്യം വഹിക്കാൻ പോവുകയാണ്. കാലാവസ്ഥ വ്യതിയാനംമൂലമുള്ള ദുരന്ത പ്രതിരോധത്തിന് സമഗ്രമായ പ്രാദേശിക പദ്ധതികൾ രൂപപ്പെടുത്തും. ഇത്ര വിപുലമായ ഒരു പ്രാദേശിക ദുരന്തപ്രതിരോധ/പ്രതികരണ പരിപാടി ലോകത്ത് ആദ്യമായിട്ടാണ്. ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ പരിശീലനം പൂർത്തിയായി. വാർഷിക പദ്ധതി തയ്യാറാക്കുന്നതിനു മുമ്പായിറിപ്പോർട്ടുകളുടെ കരട് തയ്യാറാകും. 2018ലെയും 2019ലെയും പ്രകൃതി ദുരന്തങ്ങൾ നൽകിയ പാഠങ്ങളുടെ അടിസ്ഥാനത്തിൽ, സമാനമായ ദുരന്തങ്ങൾ ആവർത്തിച്ചാൽ ഓരോ വാർഡിലെയും പ്രതിരോധ പ്രവർത്തനങ്ങളും മുൻകരുതലുകളും എന്തെല്ലാമെന്ന ഭാഗമാണ് ഈ റിപ്പോർട്ടിന്റെ ഏറ്റവും കാതലായ

വശം. ഇത് എല്ലാ ഗ്രാമസഭകളിലും ചർച്ച ചെയ്യും. ചർച്ചകളെ ആസ്പദമാക്കി ചില പ്രോജക്ടുകൾ എങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യും.

നദി പുനരുജ്ജീവനം

71) സർ, പാലക്കാട് ജില്ലാ സ്കൂൾ യുവജനോത്സവത്തിൽ ഒറ്റപ്പാലം വാണിയംകുളം സ്കൂളിലെ ത്വാഹിത ഷിർ രചിച്ച ഒരു കവിതയിലെ വരികൾ ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ,

"മരം

പുഴ

കാറ്റ്

ചരിത്ര ഗവേഷകരാണ് ചിതലരിച്ച് നശിച്ചു പോയ

ആ വാക്കുകൾ കണ്ടെത്തിയത്.

കണ്ടെത്തിയാൽ മാത്രം പോര

അർത്ഥം വ്യക്തമാക്കണം.

തല പുകഞ്ഞാലോചിച്ചു

ഗൂഗിളില് സെർച്ച് ചെയ്തു ......"

എന്നു തുടങ്ങുന്ന ഈ കവിത നമ്മുടെ തലമുറ പ്രകൃതിയോടു ചെയ്യുന്ന ദ്രോഹത്തോടുള്ള അടുത്ത തലമുറയുടെ നിശിതവിമർശനമാണ്. സർ, അടുത്ത തലമുറയ്ക്കുവേണ്ടി നമ്മുടെ നദികളെയും പ്രകൃതിയെയും സംരക്ഷിച്ചേ മതിയാകൂ.

72) കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച നദി പുനരുജ്ജീവന പദ്ധതികൾ ഹരിതമിഷൻ ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോയിട്ടുണ്ട്. ഇതിന്റെ ഏറ്റവും ഉജ്ജ്വലമായ മാതൃകയാണ് കോട്ടയത്തെ മീനച്ചിലാർ പദ്ധതി. 1450 കിലോമീറ്റർ തോടുകളും പുഴകളും ഇതിനോടകം വൃത്തിയാക്കി. അടഞ്ഞുപോയ പല നീരൊഴുക്കുകളും തുറന്നു. 4000 ഏക്കർ തരിശ്ശിൽ കൃഷിയിറക്കി. കൈയ്യേറിയ 20 ഏക്കർ ഭൂമി തിരിച്ചു പിടിച്ചു. നൂതനമായ ജലടൂറിസം പദ്ധതികൾക്ക് തുടക്കംകുറിച്ചു. സർ, ഈ പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തിയ രീതിക്ക് ദേശീയ

തലത്തിൽ അവാർഡ് ലഭിക്കുകയുണ്ടായി. തിരുവനന്തപുരത്തെ കിള്ളിയാറാണ് മറ്റൊരു ആവേശകരമായ അനുഭവം. ഇതുപോലുള്ള നദി പുനരുജ്ജീവന പദ്ധതികൾക്ക് അധിക സഹായമായി 20 കോടി രൂപ വകയിരുത്തുന്നു.

73) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി തോടുകൾ ശുചീകരിച്ച് കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഓരങ്ങൾക്ക് ജൈവസംരക്ഷണം ഉറപ്പുവരുത്തുന്ന പ്രവർത്തനങ്ങൾ ഇന്ന് വ്യാപകമായി നടക്കുന്നുണ്ട്. ഹരിതമിഷന്റെ ആഭിമുഖ്യത്തിൽ മാത്രം രണ്ടു മീറ്ററിലേറെ വീതിയുള്ള 2000 കിലോമീറ്റർ തോടുകൾ ശുചീകരിച്ചു. സർ, സംസ്ഥാനത്തെ മൊത്തം തോടുകളുടെ നീളം 82000 കിലോമീറ്ററാണ്. ഇതിൽ 50000 കിലോമീറ്റർ തോടുകൾ 2020-21 അവസാനിക്കും മുമ്പ് ശുചീകരിക്കും.

74) കേന്ദ്രീകൃതമായ സെപ്റ്റേജ് പ്ലാന്റുകൾ അനിവാര്യമാണ്. ഇന്നു കേരളത്തിലെ കക്കൂസ് മാലിന്യാവശിഷ്ടം ഏതാണ്ട് പൂർണ്ണമായും ജലാശയങ്ങളിലേയ്ക്കാണ് ഒഴുകുന്നത്. ഇതിനു വിരാമമിടണം. സെപ്റ്റേജ് പ്ലാന്റുകൾ

സ്ഥാപിക്കുന്നതിന് സ്ഥലവും ജനസമ്മതിയും ഉറപ്പുവരുത്തുന്ന പഞ്ചായത്തുകൾക്ക് അവർ നിർദ്ദേശിക്കുന്ന വികസന പ്രവർത്തന ങ്ങൾക്കായി 5 കോടി രൂപ വീതം പ്രത്യേക ഗ്രാന്റായി നൽകും.

75) തൊഴിലുറപ്പ് പദ്ധതി ഉപയോഗപ്പെടുത്തി കിണറുകളുടെ റീചാർജ്ജിംഗും കുളങ്ങളുടെ നവീകരണവും വിപുലമായി ഏറ്റെടുക്കും. 2020-21ൽ 50000 കിണറുകൾ റീചാർജ്ജ് ചെയ്യും. 25000 കുളങ്ങൾ നവീകരിക്കുകയോ പുതിയതായി നിർമ്മിക്കുകയോ ചെയ്യും.

**ശുചിത്വ കേരളം**

76) ജലാശയങ്ങൾ മുഴുവൻ വൃത്തിയാക്കാൻ ഇനിയും പല വർഷങ്ങൾ വേണ്ടിവരും. പക്ഷെ, ഖരമാലിന്യ സംസ്കരണത്തിലെ ലക്ഷ്യം കൈയ്യെത്തും ദൂരത്താണ്. ഹരിത സംഗമം 2020ൽ എത്രയോ വ്യത്യസ്തങ്ങളായ മാതൃകകളും അനുഭവങ്ങളുമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ അവതരിപ്പിച്ചത്. 2021-ൽ 500 പഞ്ചായത്തുകളും തിരുവനന്തപുരമടക്കം 50 നഗരങ്ങളും ഖരമാലിന്യത്തിന്റെ കാര്യത്തിൽ

സമ്പൂർണ്ണ ശുചിത്വ പദവി കൈവരിക്കും. ഇതിനായി കർശനമായ മാനദണ്ഡങ്ങൾ പാലിച്ചേപറ്റൂ. എല്ലാ വീടുകളിലെയും സ്ഥാപനങ്ങളിലെയും മാലിന്യം സ്രോതസ്സിൽ തന്നെ വേർതിരിക്കണം. ജൈവമാലിന്യം ഉറവിടത്തിലോ സമീപത്തോ സംസ്കരിക്കണം. അജൈവമാലിന്യം ഹരിതകർമ്മസേന വഴി ശേഖരിച്ച് റിസോഴ്സ് റിക്കവറി സെന്ററിൽ എത്തിക്കണം. പൊതുചടങ്ങുകളിലും പൊതു ഓഫീസുകളിലും ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കണം. നിരത്തുകൾ വൃത്തിയാകണം. ഡമ്പിംങ് കേന്ദ്രങ്ങൾ ഉണ്ടാകാൻ പാടില്ല. കേരളത്തിന്റെ പാതിപ്രദേശം ഇത്തരത്തിൽ മാറിയെന്നു പറയുന്നത് അഭിമാനകരമായ നേട്ടമായി ഞാൻ കരുതും. ഈ ലക്ഷ്യം കൈവരിക്കുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിർബന്ധമായും പദ്ധതിയിൽ പ്രോജക്ടും പണവും വകയിരുത്തിയേ തീരൂ. ക്ലീൻ കേരള കമ്പനിക്ക് റിവോൾവിംഗ് ഫണ്ടായി ശുചിത്വ മിഷൻ അടങ്കലിൽ നിന്നും 20 കോടി രൂപ ലഭ്യമാക്കുന്നതാണ്.

77) നഗരങ്ങളിൽ ശുചിത്വ പരിപാടികളിൽ സുപ്രധാനസ്ഥാനം അയ്യൻകാളി തൊഴിലുറപ്പ് പദ്ധതി വഹിക്കുന്നുണ്ട്. ഇതിനുള്ള അടങ്കൽ 100 കോടി രൂപയായി ഉയർത്തുന്നു.

78) 2020-21ൽ 12000 പൊതുടോയ്‌ലറ്റുകൾ നിർമ്മിക്കും. നിലവിലുള്ള പെട്രോൾ പമ്പുകളിലെ ടോയ്‌ലറ്റുകളുടെ നവീകരണം, കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങൾ, മറ്റു സർക്കാർ ഏജൻസികളും പൊതുമേഖലാ സ്ഥാപനങ്ങളും സഹകരണ സംഘങ്ങളും സ്പോൺസർ ചെയ്യുന്നവയ്ക്കും പുറമേയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിട്ട് സ്ഥാപിക്കുന്ന പൊതുടോയ്‌ലറ്റുകൾ. സമ്പൂർണ്ണ ശുചിത്വ പദവി ലഭിക്കുന്നതിന് ഇത് അനിവാര്യ ഘടകമാണ്.

ഫലവൃക്ഷ-പച്ചക്കറി കാമ്പയിൻ

79) നവവത്സരദിനത്തിൽ മുഖ്യമന്ത്രി പ്രഖ്യാപിച്ച ഫലവൃക്ഷ-പച്ചക്കറി കാമ്പയിനായിരിക്കും ജനകീയ ഹരിതമുന്നേറ്റത്തിന്റെ മൂന്നാമത്തെ ഇനം. പ്രതിവർഷം ഒരുകോടി ഫലവൃക്ഷ തൈകൾ വീതം നടുന്നതിനുള്ള ഒരു ദശവത്സര

പരിപാടിയാണിത്. പ്രതിവർഷം 54 കോടി രൂപ ഇതിന് ചെലവുവരും. എന്നാൽ 10 വർഷംകൊണ്ട് 50000 കോടി രൂപയുടെ അധിക വരുമാനം ഇത് സംസ്ഥാനത്ത് സൃഷ്ടിക്കും. ഇതോടൊപ്പം വ്യാപകമായി റെയിൻ ഷെൽട്ടറുകൾ നിർമ്മിച്ച് പച്ചക്കറിയും പുഷ്പകൃഷിയും വ്യാപിപ്പിക്കും. ഇതിനുള്ള സാങ്കേതിക സഹായങ്ങളും നഴ്സറികളും മറ്റും ഉണ്ടാക്കുന്നതിന് കൃഷി വകുപ്പിന് പണം വകയിരുത്തിയിട്ടുണ്ട്. അതോടൊപ്പം തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നിന്നും 10 ശതമാനം ഈ ഹരിത കാമ്പയിനായി നീക്കിവയ്ക്കണമെന്ന നിബന്ധനയുണ്ടാകും. അങ്ങനെ ഫലവൃക്ഷ-പച്ചക്കറി വ്യാപനത്തിന് 2020-21-ൽ ഏതാണ്ട് 1,000 കോടി രൂപ ചെലവഴിക്കും. ഹരിതകേരളം മിഷന് 7 കോടി രൂപ വകയിരുത്തുന്നു.

**ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം (LEAP)**

80) പ്രാദേശിക സംരംഭങ്ങളിലൂടെ പ്രതിവർഷം 1.5 ലക്ഷം പേർക്ക് കാർഷികേതര മേഖലയിൽ തൊഴിൽ നൽകുന്നതിനുള്ള പരിപാടി തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ആരംഭിക്കുന്ന

താണ്. ആയിരം പേർക്ക് ഒരാളിനെന്ന തോതിൽ തൊഴിലുകൾ സൃഷ്ടിക്കണം. ഇവ കുടുംബശ്രീ, സഹകരണ സംഘം, സ്വകാര്യ സംരംഭകർ എന്നിവർ മുഖേന ആകാവുന്നതാണ്. ഇതു സംബന്ധിച്ച ഒരു പ്രത്യേക പരിപാടി എല്ലാ പ്രാദേശിക പദ്ധതിരേഖകളിലും ഉൾപ്പെടു ത്തേണ്ടതാണ്. പ്ലാസ്റ്റിക് ബദൽ ഉൽപ്പന്നങ്ങൾ, കാർഷിക മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മറ്റു ചെറുകിട വ്യവസായങ്ങൾ തുടങ്ങിയവയെല്ലാം ഈ സംരംഭങ്ങളിൽ ഉൾപ്പെടുത്താം. ഇതിന് ആവശ്യമായ ധനസഹായം പ്ലാൻ ഫണ്ടിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ സംരംഭകത്വ പരിശീലന ത്തിനും വിപണനത്തിനുമുള്ള പിന്തുണ നൽകേണ്ടതാണ്. ഇപ്പോൾ സ്റ്റാർട്ട് അപ്പ് മിഷൻ കേന്ദ്രീകരിക്കുന്നത് ഐറ്റി മേഖലയിലാണ്. ചെറുകിട കാർഷിക സംസ്കരണ സംരംഭങ്ങൾ, ഇലക്ട്രിക്കൽ - മെക്കാനിക്കൽ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ സ്റ്റാർട്ട് അപ്പുകൾക്കും പ്രത്യേക പ്രോത്സാഹനം നൽകും.

81) മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പിന് സാങ്കേതിക സഹായം അനിവാര്യമാണ്.

പ്രദേശത്തുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഈ കാമ്പയിനുമായി ബന്ധപ്പെടുത്തും. എൻഎസ്എസ് യൂണിറ്റുകളെല്ലാം ഇതിൽ പങ്കാളികളാകേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ഒന്നും, ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റികൾക്ക് രണ്ടു വീതവും, കോർപ്പറേഷൻ, ജില്ലാ പഞ്ചായത്തുകൾക്ക് മൂന്നു വീതവും യുവ എഞ്ചിനീയറിംഗ് ബിരുദധാരികൾക്കുള്ള ഇന്റേൺഷിപ്പ് പ്രോഗ്രാം ആരംഭിക്കുന്നതാണ്. ഓണക്കാലത്ത് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും മേൽപ്പറഞ്ഞ അഞ്ച് പരിപാടികളുടെയും പുരോഗതി റിപ്പോർട്ട് അച്ചടിച്ച് പ്രസിദ്ധീകരിക്കേണ്ടതാണ്.

82) 2020-21-ൽ 12074 കോടി രൂപ തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി വകയിരുത്തുന്നു.

- വികസന ഫണ്ട് 7158 കോടി രൂപ
- ജനറൽ പർപ്പസ് ഗ്രാന്റ് 1717 കോടി രൂപ
- മെയിന്റനൻസ് ഗ്രാന്റ് 2943 കോടി രൂപ
- അർബൻ സർവ്വീസ് ഡെലിവറി പദ്ധതിയുടെ 255 കോടി രൂപ

- വികസനഫണ്ടിൽ 1221 കോടി രൂപ പട്ടികജാതി ഉപപദ്ധതിക്കും 183 കോടി പട്ടികവർഗ്ഗ ഉപപദ്ധതിക്കും.

83) ഇവയ്ക്കു പുറമെ തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് 9100 കോടി രൂപകൂടി 2020-21-ൽ ലഭ്യമാകും.

- കേന്ദ്രാവിഷ്കൃത പദ്ധതികൾ 1411 കോടി രൂപ
- സംസ്ഥാനാവിഷ്കൃത പദ്ധതികൾ 1027 കോടി രൂപ
- മുഖ്യമന്ത്രിയുടെ ഗ്രാമീണ റോഡ് നിർമ്മാണ പദ്ധതി 2400 കോടി രൂപ
- ഗ്രാമവികസനം 344 കോടി രൂപ
- നഗരവികസനം 1945 കോടി രൂപ
- ലൈഫ് മിഷൻ2000 കോടി രൂപ

84) ട്രഷറി നിയന്ത്രണങ്ങൾ തദ്ദേശഭരണ സ്ഥാപന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കാ തിരിക്കുന്നതിന് പരമാവധി ശ്രദ്ധിച്ചിട്ടുണ്ട്. 2018-ലെ 20 ശതമാനവും 2019-ലെ

30 ശതമാനവും പദ്ധതി വെട്ടിക്കുറവിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുണ്ട്.

## വിശപ്പുരഹിത കേരളം

85) സർ, വിശക്കുന്നവനു ഭക്ഷണവും, ദാഹിക്കുന്ന വനു വെള്ളവും തണുക്കുന്നവനു പുതപ്പും തളരുന്നവനു കിടപ്പും എന്നാണ് സ്വാതന്ത്ര്യത്തിന് ബാലചന്ദ്രൻ ചുള്ളിക്കാട് നൽകിയ നിർവചനം. ഈ കാഴ്ചപ്പാടു തന്നെയാണ് സർക്കാരിനും. ലോക പട്ടിണി സൂചികയിൽ താഴേയ്ക്ക് പൊയ്ക്കൊണ്ടിരിക്കുന്ന രാജ്യത്ത് വിശപ്പുരഹിത സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് ഒരു പദ്ധതി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. ഇതിനുവേണ്ടിയുള്ള സ്കീമിന് ഭക്ഷ്യവകുപ്പ് അവസാനരൂപം നൽകി. സന്നദ്ധസംഘടനകളും സ്ഥാപനങ്ങളും വഴിയാണ് പദ്ധതി നടപ്പാക്കുക. അവർ കിടപ്പുരോഗികൾക്കും മറ്റും സൗജന്യമായി ഭക്ഷണം വീട്ടിൽ എത്തിച്ചു കൊടുക്കാം. അല്ലെങ്കിൽ ഊണ് ഒന്നിന് പരമാവധി 25 രൂപ വിലയ്ക്ക് നൽകുന്നതിനുള്ള ഭക്ഷണശാലകൾ നടത്താം. 10 ശതമാനം ഊണ് എങ്കിലും സ്പോൺസർമാർ വഴി സൗജന്യമായി

നൽകണം. ഇതിനു തയ്യാറുള്ള സ്ഥാപനങ്ങൾക്ക് ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തി റേഷൻ വിലയ്ക്ക് അരിയും സഹായ വിലയ്ക്ക് പലവ്യഞ്ജനങ്ങളും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നൽകും. ഈയൊരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിൽ വിശപ്പുരഹിത മേഖലയായി ഏപ്രിൽ മാസം മുതൽ പ്രഖ്യാപിക്കുന്നതാണ്. 2020-21ൽ ഈ സ്കീം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ കഴിയും. ഇതിനു പ്രത്യേക ധനസഹായമായി 20 കോടി രൂപ വകയിരുത്തുന്നു. 25 രൂപയ്ക്ക് ഊണ് നൽകുന്ന 1000 ഭക്ഷണശാലകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നതാണ്.

86) സിവിൽ സപ്ലൈസിന് പദ്ധതിയിൽ 62 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.1036 കോടി രൂപയാണ് ഭക്ഷ്യസബ്സിഡി. ഭക്ഷ്യസബ്സിഡിക്കും കമ്പോള ഇടപെടലിനുമായി ആവശ്യമനുസരിച്ച് അധിക ധനസഹായം പിന്നീട് ലഭ്യമാക്കും.

## സ്ത്രീ ശാക്തീകരണവും കുടുംബശ്രീ ബ്രാൻഡിംഗും

87) സർ, ജൻഡർ ബജറ്റ് അവലോകന റിപ്പോർട്ടിന്റെ മുഖചിത്രം ഒൻപതാം ക്ലാസുകാരനായ തൃശ്ശൂരിലെ അനുജാത് വരച്ചതാണ്. സോഷ്യൽ മീഡിയയിൽ ഈ ചിത്രം വൈറൽ ആയിരുന്നു. ചിത്രത്തിന്റെ നിറക്കൂട്ടും മുഗൾശൈലിയെ അനുസ്മരിപ്പിക്കുന്ന കോമ്പോസിഷനും നമ്മുടെ കണ്ണുകളെ ആകർഷിക്കും. പക്ഷെ, എന്റെ മനസ്സിൽ തട്ടിയത് അതല്ല. അമ്മയുടെയും അയലത്തെ അമ്മമാരുടെയും കാണാപ്പണി കളാണ് അനുജാത് ചിത്രീകരിച്ചത്. സർ, സ്ത്രീയുടെ ദൃശ്യത ഉയർത്തുന്നതിൽ കുടുംബശ്രീ വലിയ സംഭാവനയാണ് കേരള ത്തിനു നൽകുന്നത്. 2016-17ൽ പൂർണ്ണമായും സ്ത്രീകൾക്കുള്ള സ്കീമുകളുടെ അടങ്കൽ 760 കോടി രൂപയും പദ്ധതി അടങ്കലിന്റെ 4 ശതമാനവും മാത്രമായിരുന്നു. സർ, 2020-21ലെ ബജറ്റിൽ ഈ തുക 1,509 കോടി രൂപയായും, പദ്ധതി വിഹിതം 7.3 ശതമാനമായും ഉയർത്തുന്നു. മറ്റു സ്കീമുകളിൽ സ്ത്രീകൾ ക്കായുള്ള പ്രത്യേക ഘടകംകൂടി കണക്കിലെടുക്കുകയാണെങ്കിൽ മൊത്തം

വനിതാ വിഹിതം 18.4 ശതമാനമാണ്. 2017-18-ൽ ഇത് 11.5 ശതമാനമായിരുന്നു. ഈ സ്ത്രീ പരിഗണന കേരള സർക്കാരിന്റെ ബജറ്റ് ചെലവുകളുടെ മുഖമുദ്രയായിട്ടുണ്ട്.

88) കുടുംബശ്രീ 12 ഇനം സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് ബ്രാൻഡ് അടിസ്ഥാനത്തിലുള്ള കേന്ദ്രീകൃത മാർക്കറ്റിംഗ് കൊണ്ടുവരുമെന്ന് കഴിഞ്ഞ ബജറ്റിൽ പറഞ്ഞിരുന്നു. ഇതിന്റെ ഭാഗമായി കുട, നാളികേര ഉൽപ്പന്നങ്ങൾ, കറിപ്പൊടികൾ തുടങ്ങിയവ ക്ലസ്റ്റർ അടിസ്ഥാനത്തിൽ പൊതുവായ പേരിൽ ഉൽപ്പാദിപ്പിച്ച് സിവിൽ സപ്ലൈസ് ഔട്ട്ലെറ്റുകൾ വഴി വിൽക്കുന്നതിന് കരാർ ഉണ്ടാക്കി. കേരള ചിക്കൻ മാർക്കറ്റിൽ ഇറങ്ങി. ഇതിനകം 1000 കോഴി വളർത്തൽ യൂണിറ്റുകൾ കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ന്യൂട്രിമിക്സ് ബ്രാൻഡിൽ പൊതുപോഷക ഭക്ഷണങ്ങൾ വിപണിയിലെത്തിച്ചു. 212 കരകൗശല ഉൽപ്പന്നങ്ങൾ ഓൺലൈനായി വിപണിയിലിറക്കി. 275 വനിതാ കെട്ടിട നിർമ്മാണ യൂണിറ്റുകൾ, 206 മൾട്ടി ടാസ്ക് ടീമുകൾ, 76 ഈവന്റ് മാനേജ്മെന്റ് ടീമുകൾ

എന്നിവയും തുടങ്ങി. 100-ൽപ്പരം ടേക്ക് എ ബ്രേക്ക് കേന്ദ്രങ്ങൾക്ക് കരാറായി.

സർ,

ജരാനരകൾ ബാധിച്ച്

പുറംകവർ പൊളിഞ്ഞ

വായിക്കപ്പെടാത്ത ആത്മകഥ എന്നാണ് വിജില ചിറപ്പാട് സ്ത്രീജിവിതത്തെ വിലയിരുത്തുന്നത്. ഈ അവസ്ഥ തിരുത്തിക്കുറിക്കുക ഏതൊരു ആധുനിക സമൂഹത്തിന്റെയും സുപ്രധാന കടമ.

89) മുകളിൽ പറഞ്ഞ പ്രവർത്തനങ്ങൾ കൂടുതൽ ശക്തപ്പെടുത്തുന്നതിനോടൊപ്പം 2020-21-ൽ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ കുടുംബശ്രീക്കായി നിശ്ചയിക്കുന്നു.

- എല്ലാ നഗരങ്ങളിലും ഷീ ലോഡ്ജ് സംരംഭങ്ങൾ.
- 200 കേരള ചിക്കൻ ഔട്ട്ലെറ്റുകൾ.
- ഹരിതകർമ്മ സേനകളുമായി യോജിച്ച് 1000 ഹരിത സംരംഭങ്ങൾ.

- **പ്രതിദിനം 30000 രൂപ ടേണോവറുള്ള 50 ഹോട്ടലുകൾ.**
- **1000 വിശപ്പുരഹിത പദ്ധതി ഹോട്ടലുകൾ.**
- **500 ടോയ്‌ലറ്റ് കോംപ്ലക്സുകളുടെ നടത്തിപ്പ്.**
- **5000 പുതിയ തൊഴിൽസംരംഭങ്ങൾ.**
- **ആലപ്പുഴ മാതൃകയിൽ 14 ട്രൈബൽ മൈക്രോ പ്രോജക്ടുകൾ.**
- **20000 ഏക്കറിൽ ജൈവസംഘകൃഷി.**
- **500 ജൻഡർ റിസോഴ്സ് സെന്ററുകൾ.**
- **കോഴിക്കോട് മാതൃകയിൽ എല്ലാ ജില്ലകളിലും ഹോം ഷോപ്പുകൾ.**
- **കുടുംബശ്രീ ഇന്റേൺഷിപ്പ് പ്രോഗ്രാം.**
- **നാല് ശതമാനം പലിശയ്ക്ക് 3000 കോടി രൂപയുടെ ബാങ്ക് വായ്പ.**

**90) കുടുംബശ്രീക്ക് 250 കോടി രൂപ വകയിരുത്തുന്നു. ഇതിനു പുറമേ റീബിൽഡ് കേരളയിൽ നിന്ന് ഉപജീവനസംരംഭങ്ങൾക്കായി 200 കോടി**

രൂപകൂടി ലഭ്യമാകും. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ധനസഹായമടക്കം 600 കോടി രൂപയാണ് കുടുംബശ്രീയുടെ മൊത്തം ബജറ്റ്. ഇതിനുപുറമേ നഗരങ്ങളിലെ 950 ഓളം കോടി രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതികളും കുടുംബശ്രീ വഴിയാണ് നടപ്പിലാക്കുന്നത്.

91) കേന്ദ്രാവിഷ്കൃത സ്കീമുകളടക്കം 1053 കോടി രൂപയാണ് സ്ത്രീകളുടെ കുട്ടികളുടെയും വകുപ്പിന്റെ അടങ്കൽ.

"പെൺകുഞ്ഞുങ്ങളുടെ അത്ഭുതലോകങ്ങളും വിസ്മയങ്ങളും ഇല്ലായ്മ ചെയ്യപ്പെടുന്ന ക്രൂരകൃത്യത്തിൽ പ്രതിയാകുന്നത് ഒരു വ്യക്തിയല്ല, സമൂഹം മൊത്തമാണ് " എന്ന് ഡോ. ശാരദക്കുട്ടി ഈ സമൂഹത്തെ ജാഗ്രതപ്പെടുത്തുന്നുണ്ട്.

സർ, സ്ത്രീകളും കുഞ്ഞുങ്ങളും അനുഭവിക്കുന്ന എല്ലാത്തരം അടിച്ചമർത്തലുകൾക്കും പരിഹാരമുണ്ടാക്കേണ്ട ഉത്തരവാദിത്തം സമൂഹത്തിനും സർക്കാരിനുമുണ്ട് എന്ന ബോധ്യത്തോടെയുള്ളതാണ് ബജറ്റിന്റെ സമീപനം. നിർഭയ

ഹോമുകളുടെ പരിപാലനത്തിനുള്ള സഹായം 10 കോടി രൂപയായി ഉയർത്തുന്നു.

- കെട്ടിടസൗകര്യങ്ങളും കുട്ടികളുമില്ലാത്ത അങ്കണവാടികളെ സംയോജിപ്പിച്ച് പകൽ മുഴുവൻ പ്രവർത്തിക്കുന്ന മാതൃകാ കേന്ദ്രങ്ങളാക്കും.
- വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളിൽ യാത്രക്കാരികൾക്ക് സുരക്ഷിത മുറികൾ ഒരുക്കും.
- തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടികളിൽ പ്രത്യേക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി സൗകര്യമൊരുക്കും.
- സ്മാർട്ട് അങ്കണവാടി പദ്ധതിതുടരും.
- സ്ത്രീകൾ ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കളുടെ വിപണനത്തിനായി ജൻഡർ പാർക്കിൽ ഇന്റർനാഷണൽ ട്രേഡ് സെന്റർ ആരംഭിക്കും.

സർ,

ഉയിരിനെപ്പൂട്ടിയ
ചങ്ങലകൾ
എങ്ങനെയാണ് അറുത്തുമാറ്റേണ്ടത്

എന്ന് ഗിരിജ പാതേക്കര സന്ദേഹിക്കുന്നുണ്ട്. ദൃശ്യവും അദൃശ്യവുമായ എല്ലാ ചങ്ങലകളിൽ നിന്നും സ്ത്രീയെ മോചിപ്പിക്കുക എന്നത് ഇടതുപക്ഷ സർക്കാരിന്റെ ഏറ്റവും സുപ്രധാന ദൗത്യമാണ്.

സമ്പൂർണ്ണപാർപ്പിടം

92) 2020-21ൽ ലൈഫ് പദ്ധതിയുടെ മൂന്നാംഘട്ട പ്രവർത്തനം ആരംഭിക്കുകയാണ്. മത്സ്യത്തൊഴിലാളികൾക്കും പട്ടികവിഭാഗങ്ങൾക്കും 40000 വീടുകൾ ലഭ്യമാക്കും.മറ്റൊരു 60000 പേർക്കുകൂടി വീട്/ഫ്ലാറ്റ് നൽകും. ഭൂരഹിതരായ ഭവനരഹിതർക്ക് ഭൂമി നൽകുന്നതിനാണ് ഈ ഘട്ടത്തിൽ ഊന്നൽ. ഭൂമി ലഭ്യമായ ഇടങ്ങളിൽ അവർക്ക് ഭൂമിയും വീടും നൽകും. മറ്റിടങ്ങളിൽ ഫ്ലാറ്റുകൾ പണിയുന്നതിനാണ് ഉദ്ദേശം. ഇതിനുള്ള ഭൂമി എല്ലാ ജില്ലകളിലും കണ്ടെത്തി.

10 ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു.

93) ഹൗസിംഗ് വകുപ്പിന് 61 കോടി രൂപയാണ് വകയിരുത്തൽ. ഇതിൽ 45 കോടി രൂപയും ഹൗസിംഗ് ബോർഡിനാണ്. ഗൃഹശ്രീ, വർക്കിംഗ് വിമെൻസ് ഹോസ്റ്റലുകൾ, ആശ്വാസ് കേന്ദ്രങ്ങൾ, ഭവനരഹിതർക്കുള്ള പുതിയ പാർപ്പിട പദ്ധതികൾ, കോഴിക്കോട് സർക്കാർ ഉദ്യോഗസ്ഥർക്കുള്ള വാടക ഫ്ലാറ്റുകൾ എന്നിവയാണ് പ്രധാന പദ്ധതികൾ. വളവനാട്ടെ ഹൗസിംഗ് ബോർഡ് ഭൂമി സർക്കാർ പൊന്നുംവിലയ്ക്ക് ഏറ്റെടുക്കുന്നതാണ്. ഇതിനു നൽകുന്ന വിലയുംമേൽപറഞ്ഞ സ്കീമുകളുടെ വിപുലീകരണത്തിന് ഉപയോഗപ്പെടുത്താം.

വിദ്യാഭ്യാസ മികവിലേയ്ക്ക്

94) സർ, സച്ചിദാനന്ദന്റെ ഒരിന്ത്യൻ വിദ്യാർത്ഥിയുടെ ആത്മഗതം എന്ന കവിതയിൽ കുസൃതിയും വിശുദ്ധിയും നിറഞ്ഞ കുട്ടികളുടെ മനസുകളിലൂടെ സ്വപ്നം നിക്ഷേപിച്ചൊഴുകുന്ന ഒരു സുവർണനദിയെ പരാമർശിക്കുന്നുണ്ട്. അഭിമാനത്തോടെ പറയട്ടെ, കേരളത്തിലെ

പൊതുവിദ്യാലയങ്ങളിൽ മികവിന്റെ സ്വപ്നം വിതച്ചൊഴുകുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം എന്ന സുവർണ നദി. വിദ്യാഭ്യാസ മേഖലയിലെ പുതിയ ഉണർവ്വിന്റെ പ്രധാന ഘടകം പൊതുവിദ്യാഭ്യാസ രംഗത്തെ സൗകര്യങ്ങളുടെ വിപുലീകരണമാണ്. സർ, കുട്ടികളുടെ സർഗശേഷി പ്രകടിപ്പിക്കാൻ എന്തെന്തു സാധ്യതകളാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സൃഷ്ടിക്കപ്പെട്ട സംവിധാനങ്ങൾ വഴി സാധ്യമായിരിക്കുന്നത്? സ്കൂൾ വിക്കിയുടെ പേജിൽ നിങ്ങൾക്ക് മീനങ്ങാടി ഹയർ സെക്കൻഡറി സ്കൂളിലെ ഫൈഖ ജാഫർ എഴുതിയ "ഷെൽഫിലെ പുസ്തകങ്ങൾക്ക് പറയാനുണ്ട്" എന്ന കവിത വായിക്കാം. കവിതയിലെ

"ജീവിതം തന്നെയും

കടലാസു തുണ്ടിലേ

ലേയ്ക്കക്ഷരമായി തളച്ചുവെച്ചു

കരിയുഗത്തിൻ കഥകൾ പറഞ്ഞീടാൻ

ആൻ, അവൾ കാത്തിരിപ്പതുണ്ടേ"

എന്ന വരികൾ വായിക്കുമ്പോൾ നമ്മുടെ പൊതുവിദ്യാലയത്തിലെ ഒരു പത്താംക്ലാസ് കുട്ടിയുടെ വായനയിലേയ്ക്കും ചിന്തകളി ലേയ്ക്കുമുള്ള താക്കോലാണ് തുറന്നു കിട്ടുന്നത്. കുട്ടികളുടെ സർഗ്ഗാത്മക പരിപോഷിപ്പിക്കുന്ന തരത്തിൽപൊതുവിദ്യാലയങ്ങൾ നവീകരിക്കും. കിഫ്ബി, പ്ലാൻ ഫണ്ട്, എംഎൽഎ, എംപി ഫണ്ടുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി തുടങ്ങിയവയിൽ നിന്ന് ഏതാണ്ട് 3,500 കോടി രൂപയുടെ 80 ലക്ഷം ചതുരശ്രയടി കെട്ടിടങ്ങളാണ് നിർമ്മാണത്തിലിരിക്കുന്നത്.ഈ നവീകരണത്തിന് ചരിത്രത്തിൽ സമാനതകളില്ല. എയ്ഡഡ് സ്കൂളുകളിൽ ചലഞ്ച് ഫണ്ടായി 20 കോടി രൂപ നൽകിക്കഴിഞ്ഞു. ഈ പദ്ധതി 2020-21-ലും തുടരും.

95) പൊതുവിദ്യാഭ്യാസ മേഖലയുടെ മൊത്തം അടങ്കൽ 19,130 കോടി രൂപയാണ്. അക്കാദമിക നിലവാരം ഉയർത്തുന്നതിനും അനുബന്ധ വിദ്യാഭ്യാസ പരിപാടികൾക്കുള്ള എല്ലാ സ്കീമുകളും തുടരും. ചുവടെപ്പറയുന്ന പുതിയ പരിപാടികളും ഏറ്റെടുക്കുന്നതാണ്.

- പുതിയ കെട്ടിടങ്ങളിൽ പുതിയ ഫർണീച്ചറിനു വേണ്ടിയുള്ള ഒരു സ്കീമിനു രൂപം നൽകുന്നതാണ്. പഴയ ഫർണീച്ചറുകൾ പുനരുപയോഗിക്കും.
- ഘട്ടം ഘട്ടമായി മുഴുവൻ സ്കൂളുകളിലും സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കും.
- സ്കൂൾ ക്ലസ്റ്ററുകളിൽ സർഗ്ഗാത്മക കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ടാലന്റ് സ്കീമിന് രൂപം നൽകും.
- ശ്രദ്ധ സ്കീമുകൾ വിപുലീകരിക്കും.
- ലാബുകൾ നവീകരിക്കും.
- സ്കൂൾ യൂണിഫോം അലവൻസ് 400 രൂപയിൽ നിന്നും 600 രൂപയായി ഉയർത്തുന്നു.
- പ്രതിഭാതീരം പദ്ധതി വ്യാപിപ്പിക്കും.
- പ്രീ-പ്രൈമറി അധ്യാപകരുടെ അലവൻസ് 500 രൂപ വർദ്ധിപ്പിക്കുന്നു.
- പാചകത്തൊഴിലാളികളുടെ കൂലി 50 രൂപ ഉയർത്തുന്നു.

**സാർവ്വത്രികആരോഗ്യസുരക്ഷാ പദ്ധതി**

96) 41.37 ലക്ഷം കുടുംബങ്ങൾക്ക് 5ലക്ഷം രൂപ വരെ കിടത്തി ചികിത്സാ ആനുകൂല്യം ലഭിക്കുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കേരളത്തിൽ നടപ്പാക്കി. ഇതിന് വരുന്ന ചെലവ് 700 കോടി രൂപയാണ്. എന്നാൽ കേന്ദ്രസഹായമായി ലഭിക്കുന്നത് 140 കോടി രൂപ മാത്രമാണ്. ഇതിനോടൊപ്പം തന്നെ ഇൻഷ്വറൻസ് സ്കീമിന് പുറത്തുള്ളതും മറ്റ് ആരോഗ്യ പദ്ധതികളിൽ ഉൾപ്പെടാത്തതുമായിട്ടുള്ള കുടുംബങ്ങൾക്ക് പഴയ കാരുണ്യ സ്കീമിന്റെ ആനുകൂല്യങ്ങൾ തുടർന്നും ലഭ്യമാക്കും.

97) ആർദ്രം പദ്ധതിയുടെ ഭാഗമായി 350 പ്രാഥമിക ആശുപത്രികളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. ഇവിടങ്ങളിൽ ഉച്ചകഴിഞ്ഞും ഒപി ഉണ്ട്. ലാബും ഫാർമസിയും ഉണ്ട്. ദ്വിതീയ, ത്രിതീയ ആശുപത്രികളുടെ നവീകരണം യുദ്ധാകാലാടിസ്ഥാനത്തിൽ നടന്നു വരുന്നു. താമസംവിന കേരളത്തിലെ ക്യാൻസർ രോഗികളുടെ 80 ശതമാനം പേർക്കും പൊതുആരോഗ്യ മേഖലയിൽ ചികിത്സ

ലഭ്യമാക്കാനാകും. എല്ലാ ജില്ലാ ആശുപത്രികളിലും കാർഡിയോളജി വകുപ്പും എല്ലാ താലൂക്ക് ആശുപത്രികളിലും ട്രോമകെയറും ഡയാലിസിസ് യൂണിറ്റുകളും ആരംഭിച്ചു കൊണ്ടിരിക്കുകയാണ്.

98) പാലിയേറ്റീവ് നയത്തിന് അംഗീകാരം നൽകിയിട്ടുണ്ട്. കേരളം മുഴുവൻ പന്തലിച്ചിട്ടുള്ള ഒരു ജനകീയ ആരോഗ്യതലമായി പാലിയേറ്റീവ് ശൃംഖല മാറിയിട്ടുണ്ട്. ഈ ജനകീയ ഇടപെടൽ രോഗപ്രതിരോധ പ്രവർത്തനങ്ങളിലേയ്ക്കും രോഗാതുരത മോണിറ്റർ ചെയ്യുന്നതിലേയ്ക്കും വ്യാപിപ്പിക്കണം. സബ്സെന്ററുകളും അവിടുത്തെ എകസ്റ്റൻഷൻ പ്രവർത്തകരും ആശ പ്രവർത്തകരോടൊപ്പം സന്നദ്ധപ്രവർത്തകരും ചേർന്ന് ആരോഗ്യസേന ഈ ചുമതല ഏറ്റെടുക്കും. ഇതിലൂടെ മാത്രമേ ആർദ്രം മിഷൻ ഒരു ജനകീയ പ്രസ്ഥാനമായി മാറൂ.

99) ഇത്തരത്തിൽ മുഴുവൻ ജനങ്ങളുടെയും ആരോഗ്യനിലയെക്കുറിച്ച് ഡാറ്റാബെയ്സ് ഉണ്ടാക്കുകയും, സ്ക്രീൻ ചെയ്ത് രോഗികളെ നിർണ്ണയിക്കുകയും, ചികിത്സ നൽകുകയും,

രോഗപ്രതിരോധന പ്രവർത്തനങ്ങൾ ഉറപ്പു വരുത്തുകയും, മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കടക്കം സാന്ത്വനപരിചരണ നടത്തുകയും ചെയ്യുന്ന തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് പ്രത്യേക സഹായം നൽകുന്നതിന് 10 കോടി രൂപ അധികമായി വകയിരുത്തുന്നു. ആശ പ്രവർത്തകരുടെ ഹോണറേറിയം 500 രൂപ വർദ്ധിപ്പിക്കുന്നു.

100) സാന്ത്വന ചികിത്സയ്ക്കും എൽഡർ കെയറിനും ആധുനിക സാങ്കേതികവിദ്യയുടെ സഹായ ത്തോടെ സമഗ്രമായ ഒരു പിന്തുണാ സംവിധാനം ഒരുക്കും. രോഗികൾ ഓട്ടോമാറ്റഡ് ക്യാമറയുടെ നിരീക്ഷണത്തിലായിരിക്കും. നിർമ്മിതബുദ്ധി യുടെ സഹായത്തോടെ അവരുടെ അസ്വഭാവിക മായിട്ടുള്ള ചലനങ്ങളും മറ്റും ഏറ്റവുമടുത്ത സാന്ത്വന കേന്ദ്രത്തിലോ ആരോഗ്യ പ്രവർത്ത കനോ ലഭ്യമാകും. രക്തസമ്മർദ്ദം, നാഡിമിടിപ്പ്, ഓക്സിജൻനില തുടങ്ങി അടിസ്ഥാന ആരോഗ്യ സൂചകങ്ങൾ ഓട്ടോമാറ്റിക്കായി ആരോഗ്യ കേന്ദ്രത്തിൽ ലഭിക്കുന്നതിനുള്ള സംവിധാനവും ഇതിൽ ബന്ധിതമായിരിക്കും. ക്യാമറ, മറ്റ് അനുബന്ധ സൗകര്യങ്ങൾ എന്നിവയ്ക്ക്

എല്ലാംകൂടി ഒരു രോഗിക്ക് ഏകദേശം പതിനായിരം രൂപയാണ് ആവശ്യമായി വരുന്നത്. ഇതിന്റെ പൈലറ്റ് പരിപാടി ആലപ്പുഴയിലെയും കണ്ണൂരിലെയും തെരഞ്ഞെടുക്കപ്പെട്ട പാലിയേറ്റീവ് പ്രദേശങ്ങളിൽ നടപ്പിലാക്കും. ഇതിനായി 10 കോടി രൂപ അധികമായി വകയിരുത്തുന്നു.

**IV**

തദ്ദേശ സർക്കാരുകൾക്ക് 2020 – 2021 സാമ്പത്തിക വർഷത്തേക്കുളള ബജറ്റ് വിഹിതം

നിധി ഇനം

എ. പരമ്പരാഗത ചുമതലകൾ

(രൂപ ആയിരത്തിൽ)

| തദ്ദേശ ഭരണ സ്ഥാപനം | | കണക്ക് ശീർഷകം | തുക |
|---|---|---|---|
| 1 | | 2 | 3 |
| i. | കോർപ്പറേഷനുകൾ | 3604-00-200-88-(01)-NP | 1433752 |
| ii. | മുനിസിപ്പാലിറ്റികൾ | 3604-00-200-88-(02)-NP | 2214713 |
| iii. | ജില്ലാ പഞ്ചായത്തുകൾ | 3604-00-200-88-(03)-NP | 537782 |
| Iv. | ബ്ലോക്ക് പഞ്ചായത്തുകൾ | 3604-00-200-88-(04)-NP | 764864 |
| v. | ഗ്രാമ പഞ്ചായത്തുകൾ | 3604-00-200-88-(05)-NP | 12221202 |
| | | **ആകെ** | **17172313** |

ബി. ആസ്തികളുടെ സംരക്ഷണം

(രൂപ ആയിരത്തിൽ)

| തദ്ദേശ ഭരണ സ്ഥാപനം | | കണക്ക് ശീർഷകം | മൊത്തം തുക |
|---|---|---|---|
| 1 | | 2 | 3 |
| **1.** | **റോഡിതര ആസ്തികൾ** | | |
| i. | കോർപ്പറേഷനുകൾ | 3604-00-200-87-(01)-NP | 774520 |
| ii. | മുനിസിപ്പാലിറ്റികൾ | 3604-00-200-87-(02)-NP | 1091570 |
| iii. | ജില്ലാ പഞ്ചായത്തുകൾ | 3604-00-200-87-(03)-NP | 1383009 |
| Iv. | ബ്ലോക്ക് പഞ്ചായത്തുകൾ | 3604-00-200-87-(04)-NP | 951150 |
| v. | ഗ്രാമ പഞ്ചായത്തുകൾ | 3604-00-200-87-(05)-NP | 4631225 |
| | | **ആകെ** | **8831474** |
| **2.** | **റോഡ് ആസ്തികൾ** | | |
| i. | കോർപ്പറേഷനുകൾ | 3054-80-191-38-NP | 1506355 |
| ii. | മുനിസിപ്പാലിറ്റികൾ | 3054-80-192-38-NP | 2149287 |
| iii. | ജില്ലാ പഞ്ചായത്തുകൾ | 3054-80-196-38-NP | 4873502 |
| Iv. | ബ്ലോക്ക് പഞ്ചായത്തുകൾ | | 0 |
| v. | ഗ്രാമ പഞ്ചായത്തുകൾ | 3054-80-198-38-NP | 12077631 |
| | | **ആകെ** | **20606775** |
| | | **ആകെ മൊത്തം (1+2)** | **29438249** |

## സി. വികസനവും അഭിവൃദ്ധിയും

(രൂപ ആയിരത്തിൽ)

| തദ്ദേശ ഭരണ സ്ഥാപനം | | കണക്ക് ശീർഷകം | മൊത്തം തുക |
|---|---|---|---|
| 1 | | 2 | 3 |
| 1. | **കോർപ്പറേഷനുകൾ** | | |
| i. | പൊതുവിഭാഗം | 3604-00-200-86-(01)-35 | 3361153 |
| | എസ്.സി.പി. | 3604-00-200-86-(06)-35 | 793980 |
| | റ്റി.എസ്.പി. | 3604-00-200-86-(11)-35 | 33053 |
| ii. | 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് - ബേസിക് ഗ്രാൻറ് | 3604-00-200-85-(01)-35 | 3843900 |
| | | | **8032086** |
| 2. | **മുനിസിപ്പാലിറ്റികൾ** | | |
| i. | പൊതുവിഭാഗം | 3604-00-200-86-(02)-35 | 3940780 |
| | എസ്.സി.പി. | 3604-00-200-86-(07)-35 | 1250918 |
| | റ്റി.എസ്.പി. | 3604-00-200-86-(12)-35 | 94859 |
| ii. | 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് - ബേസിക് ഗ്രാൻറ് | 3604-00-200-85-(02)-35 | 4950300 |
| iii. | കെ.യു.എസ്.ഡി.പി | 3604-00-200-84-(02)-35 | 1785000 |
| | | 3604-00-200-84-(04)-35 | 765000 |
| | | | **12786857** |
| 3. | **ജില്ലാ പഞ്ചായത്തുകൾ** | | |
| i. | പൊതുവിഭാഗം | 3604-00-200-86-(03)-35 | 6273523 |
| | എസ്.സി.പി. | 3604-00-200-86-(08)-35 | 2033320 |
| | റ്റി.എസ്.പി. | 3604-00-200-86-(13)-35 | 340618 |
| | | | **8647461** |
| 4. | **ബ്ലോക്ക് പഞ്ചായത്തുകൾ** | | |
| i. | പൊതുവിഭാഗം | 3604-00-200-86-(04)-35 | 6273523 |
| | എസ്.സി.പി. | 3604-00-200-86-(09)-35 | 2033320 |
| | റ്റി.എസ്.പി. | 3604-00-200-86-(14)-35 | 340618 |
| | | | **8647461** |
| 5. | **ഗ്രാമ പഞ്ചായത്തുകൾ** | | |
| i. | പൊതുവിഭാഗം | 3604-00-200-86-(05)-35 | 15497021 |
| | എസ്.സി.പി. | 3604-00-200-86-(10)-35 | 6099962 |
| | റ്റി.എസ്.പി. | 3604-00-200-86-(15)-35 | 1021852 |
| ii. | 15-ാം ധനകാര്യ കമ്മീഷൻ അവാർഡ് - ബേസിക് ഗ്രാൻറ് | 3604-00-200-85-(05)-35 | 10847300 |
| | | | **33466135** |
| | | **ആകെ (1+2+3+4+5)** | **71580000** |
| | | **ആകെ മൊത്തം (എ+ബി+സി)** | **118190562** |

**BUDGET PROVISION FOR THE YEAR 2020-21 TO THE LOCAL SELF GOVERNMENTS**

**Category of Funds**

**A. General Purpose / Traditional Functions**

**(Rs. in Thousands)**

| Local Government | | Head of Account | Amount |
|---|---|---|---|
| **1** | | **2** | **3** |
| i. | Corporations | 3604-00-200-88-(01)-NP | 1433752 |
| ii. | Municipalities | 3604-00-200-88-(02)-NP | 2214713 |
| iii. | District Panchayats | 3604-00-200-88-(03)-NP | 537782 |
| iv. | Block Panchayats | 3604-00-200-88-(04)-NP | 764864 |
| v. | Grama Panchayats | 3604-00-200-88-(05)-NP | 12221202 |
| | | **TOTAL** | **17172313** |

**B. Maintenance Assets**

**(Rs. in Thousands)**

| Local Government | | Head of Account | Gross Amount |
|---|---|---|---|
| **1** | | **2** | **3** |
| **1.** | **Non Road Assets** | | |
| i. | Corporations | 3604-00-200-87-(01)-NP | 774520 |
| ii. | Municipalities | 3604-00-200-87-(02)-NP | 1091570 |
| iii. | District Panchayats | 3604-00-200-87-(03)-NP | 1383009 |
| iv. | Block Panchayats | 3604-00-200-87-(04)-NP | 951150 |
| v. | Grama Panchayats | 3604-00-200-87-(05)-NP | 4631225 |
| | | **TOTAL** | **8831474** |
| **2.** | **Road Assets** | | |
| i. | Corporations | 3054-80-191-38- NP | 1506355 |
| ii. | Municipalities | 3054-80-192-38- NP | 2149287 |
| iii. | District Panchayats | 3054-80-196-38- NP | 4873502 |
| iv. | Block Panchayats | | 0 |
| v. | Grama Panchayats | 3054-80-198-38- NP | 12077631 |
| | | **TOTAL** | **20606775** |
| | | **TOTAL (1+2)** | **29438249** |

**C. Expansion and Development**

(Rs. in Thousands)

| Local Government | | Head of Account | Gross Amount |
|---|---|---|---|
| 1 | | 2 | 3 |
| **1.** | **Corporations** | | |
| i. | General Sector | 3604-00-200-86-(01)-35 | 3361153 |
| | SCP | 3604-00-200-86-(06)-35 | 793980 |
| | TSP | 3604-00-200-86-(11)-35 | 33053 |
| ii. | 15th FC Award - Basic Grant | 3604-00-200-85-(01)-35 | 3843900 |
| | | | **8032086** |
| **2.** | **Municipalities** | | |
| i. | General Sector | 3604-00-200-86-(02)-35 | 3940780 |
| | SCP | 3604-00-200-86-(07)-35 | 1250918 |
| | TSP | 3604-00-200-86-(12)-35 | 94859 |
| ii. | 15th FC Award - Basic Grant | 3604-00-200-85-(02)-35 | 4950300 |
| iii. | KUSDP | 3604-00-200-84-(02)-35 | 1785000 |
| | | 3604-00-200-84-(04)-35 | 765000 |
| | | | **12786857** |
| **3.** | **District Panchayats** | | |
| i. | General Sector | 3604-00-200-86-(03)-35 | 6273523 |
| | SCP | 3604-00-200-86-(08)-35 | 2033320 |
| | TSP | 3604-00-200-86-(13)-35 | 340618 |
| | | | **8647461** |
| **4.** | **Block Panchayats** | | |
| i. | General Sector | 3604-00-200-86-(04)-35 | 6273523 |
| | SCP | 3604-00-200-86-(09)-35 | 2033320 |
| | TSP | 3604-00-200-86-(14)-35 | 340618 |
| | | | **8647461** |
| **5.** | **Grama Panchayats** | | |
| i. | General Sector | 3604-00-200-86-(05)-35 | 15497021 |
| | SCP | 3604-00-200-86-(10)-35 | 6099962 |
| | TSP | 3604-00-200-86-(15)-35 | 1021852 |
| ii. | 15th FC Award - Basic Grant | 3604-00-200-85-(05)-35 | 10847300 |
| | | | **33466135** |
| | | **TOTAL (1+2+3+4+5)** | **71580000** |
| | | **TOTAL (A+B+C)** | **118190562** |

================================================================

തദ്ദേശ സർക്കാരുകൾക്ക് 2019-20 സാമ്പത്തിക വർഷത്തേക്കുള്ള

ബജറ്റ് വിഹിതത്തിന്റെ സംഗ്രഹം

# Abstract of Budget Provision for the year 2019-20 to the Local Governments

================================================================

## തദ്ദേശ സർക്കാരുകൾക്ക് 2019-2020 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റ് വിഹിതം

<u>നിധി ഇനം</u>

### എ. പരമ്പരാഗത ചുമതലകൾ

**(രൂപ ആയിരത്തിൽ)**

| തദ്ദേശ ഭരണ സ്ഥാപനം | കണക്ക് ശീർഷകം | തുക |
|---|---|---|
| 1 | 2 | 3 |
| i കോർപ്പറേഷനുകൾ | 3604-00-200-88-(01)-NP | 1361692 |
| ii മുനിസിപ്പാലിറ്റികൾ | 3604-00-200-88-(02)-NP | 2111083 |
| iii ജില്ലാ പഞ്ചായത്തുകൾ | 3604-00-200-88-(03)-NP | 480158 |
| iv ബ്ലോക്ക് പഞ്ചായത്തുകൾ | 3604-00-200-88-(04)-NP | 682936 |
| v ഗ്രാമ പഞ്ചായത്തുകൾ | 3604-00-200-88-(05)-NP | 11624995 |
| | **ആകെ** | **16260864** |

### ബി. ആസ്തികളുടെ സംരക്ഷണം

**(രൂപ ആയിരത്തിൽ)**

| തദ്ദേശ ഭരണ സ്ഥാപനം | കണക്ക് ശീർഷകം | മൊത്തം തുക |
|---|---|---|
| 1 | 2 | 3 |
| **1. റോഡിതര ആസ്തികൾ** | | |
| i കോർപ്പറേഷനുകൾ | 3604-00-200-87-(01)-NP | 721187 |
| ii മുനിസിപ്പാലിറ്റികൾ | 3604-00-200-87-(02)-NP | 1016406 |
| iii ജില്ലാ പഞ്ചായത്തുകൾ | 3604-00-200-87-(03)-NP | 1287777 |
| iv ബ്ലോക്ക് പഞ്ചായത്തുകൾ | 3604-00-200-87-(04)-NP | 885656 |
| v ഗ്രാമ പഞ്ചായത്തുകൾ | 3604-00-200-87-(05)-NP | 4312325 |
| | **ആകെ** | **8223351** |
| **2. റോഡ് ആസ്തികൾ** | | |
| i കോർപ്പറേഷനുകൾ | 3054-80-191-38-NP | 1402630 |
| ii മുനിസിപ്പാലിറ്റികൾ | 3054-80-192-38-NP | 2001289 |
| iii ജില്ലാ പഞ്ചായത്തുകൾ | 3054-80-196-38-NP | 4537919 |
| iv ബ്ലോക്ക് പഞ്ചായത്തുകൾ | | 0 |
| v ഗ്രാമ പഞ്ചായത്തുകൾ | 3054-80-198-38-NP | 11245981 |
| | **ആകെ** | **19187819** |
| | **ആകെ മൊത്തം(1+2)** | **27411170** |

സി. വികസനവും അഭിവൃദ്ധിയും

(രൂപ ആയിരത്തിൽ)

| തദ്ദേശ ഭരണ സ്ഥാപനം | കണക്ക് ശീർഷകം | മൊത്തം തുക |
|---|---|---|
| 1 | 2 | 3 |
| 1 കോർപ്പറേഷനുകൾ | | |
| i. പൊതു വിഭാഗം | 3604-00-200-86-(01)-35 | 2825683 |
| എസ്.സി.പി | 3604-00-200-86-(06)-35 | 850312 |
| റ്റി.എസ്.പി | 3604-00-200-86-(11)-35 | 41033 |
| ii 14-ാം ധനകാര്യ കമ്മിഷൻ അവാർഡ് | 3604-00-200-90-(01)-35 | 4900984 |
| | | **8618012** |
| 2 മുനിസിപ്പാലിറ്റികൾ | | |
| i. പൊതു വിഭാഗം | 3604-00-200-86-(02)-35 | 3266461 |
| എസ്.സി.പി | 3604-00-200-86-(07)-35 | 1339671 |
| റ്റി.എസ്.പി | 3604-00-200-86-(12)-35 | 127199 |
| ii 14-ാം ധനകാര്യ കമ്മിഷൻ അവാർഡ് | 3604-00-200-90-(02)-35 | 6311516 |
| | | **11044847** |
| 3 ജില്ലാ പഞ്ചായത്തുകൾ | | |
| i. പൊതു വിഭാഗം | 3604-00-200-86-(03)-35 | 6801152 |
| എസ്.സി.പി | 3604-00-200-86-(08)-35 | 2177583 |
| റ്റി.എസ്.പി | 3604-00-200-86-(13)-35 | 358514 |
| | | **9337249** |
| 4 ബ്ലോക്ക് പഞ്ചായത്തുകൾ | | |
| i. പൊതു വിഭാഗം | 3604-00-200-86-(04)-35 | 6801152 |
| എസ്.സി.പി | 3604-00-200-86-(09)-35 | 2177583 |
| റ്റി.എസ്.പി | 3604-00-200-86-(14)-35 | 358514 |
| | | **9337249** |
| 5 ഗ്രാമ പഞ്ചായത്തുകൾ | | |
| i. പൊതു വിഭാഗം | 3604-00-200-86-(05)-35 | 16351752 |
| എസ്.സി.പി | 3604-00-200-86-(10)-35 | 6993251 |
| റ്റി.എസ്.പി | 3604-00-200-86-(15)-35 | 1144640 |
| ii 14-ാം ധനകാര്യ കമ്മിഷൻ അവാർഡ് | 3604-00-200-90-(05)-35 | 12173000 |
| | | **36662643** |
| | **ആകെ (1+2+3+4+5)** | **75000000** |
| | | |
| **ആകെ മൊത്തം (എ+ബി+സി )** | | 118672034 |

## BUDGET PROVISION FOR THE YEAR 2019-2020 TO THE LOCAL SELF GOVERNMENTS

**Category of Funds**

### A. General Purpose / Traditional Functions

**(Rs. in Thousands)**

| Local Government | Head of Account | Amount |
|---|---|---|
| 1 | 2 | 3 |
| i Corporations | 3604-00-200-88-(01)-NP | 1361692 |
| ii Municipalities | 3604-00-200-88-(02)-NP | 2111083 |
| iii District Panchayats | 3604-00-200-88-(03)-NP | 480158 |
| iv Block Panchayats | 3604-00-200-88-(04)-NP | 682936 |
| v Grama Panchayats | 3604-00-200-88-(05)-NP | 11624995 |
| | TOTAL | **16260864** |

### B. Maintenance Assets

**(Rs. in Thousands)**

| Local Government | Head of Account | Gross Amount |
|---|---|---|
| 1 | 2 | 3 |
| **1.Non Road Assets** | | |
| i Corporations | 3604-00-200-87-(01)-NP | 721187 |
| ii Municipalities | 3604-00-200-87-(02)-NP | 1016406 |
| iii District Panchayats | 3604-00-200-87-(03)-NP | 1287777 |
| iv Block Panchayats | 3604-00-200-87-(04)-NP | 885656 |
| v Grama Panchayats | 3604-00-200-87-(05)-NP | 4312325 |
| | TOTAL | **8223351** |
| **2.Road Assets** | | |
| i Corporations | 3054-80-191-38-NP | 1402630 |
| ii Municipalities | 3054-80-192-38-NP | 2001289 |
| iii District Panchayats | 3054-80-196-38-NP | 4537919 |
| iv Block Panchayats | | 0 |
| v Grama Panchayats | 3054-80-198-38-NP | 11245981 |
| | TOTAL | **19187819** |
| | TOTAL(1+2) | **27411170** |

**C. Expansion and Development**

**(Rs. in Thousands)**

| **Local Government** | **Head of Account** | **Gross Amount** |
|---|---|---|
| **1** | **2** | **3** |
| 1 Corporations | | |
| i.General Sector | 3604-00-200-86-(01)-35 | 2825683 |
| SCP | 3604-00-200-86-(06)-35 | 850312 |
| TSP | 3604-00-200-86-(11)-35 | 41033 |
| ii 14th FC Award | 3604-00-200-90-(01)-35 | 4900984 |
| | | **8618012** |
| 2 Municipalities | | |
| i.General Sector | 3604-00-200-86-(02)-35 | 3266461 |
| SCP | 3604-00-200-86-(07)-35 | 1339671 |
| TSP | 3604-00-200-86-(12)-35 | 127199 |
| ii 14th FC Award | 3604-00-200-90-(02)-35 | 6311516 |
| | | **11044847** |
| 3 District Panchayats | | |
| i.General Sector | 3604-00-200-86-(03)-35 | 6801152 |
| SCP | 3604-00-200-86-(08)-35 | 2177583 |
| TSP | 3604-00-200-86-(13)-35 | 358514 |
| | | **9337249** |
| 4 Block Panchayats | | |
| i.General Sector | 3604-00-200-86-(04)-35 | 6801152 |
| SCP | 3604-00-200-86-(09)-35 | 2177583 |
| TSP | 3604-00-200-86-(14)-35 | 358514 |
| | | **9337249** |
| 5 Grama Panchayats | | |
| i.General Sector | 3604-00-200-86-(05)-35 | 16351752 |
| SCP | 3604-00-200-86-(10)-35 | 6993251 |
| TSP | 3604-00-200-86-(15)-35 | 1144640 |
| ii 14th FC Award | 3604-00-200-90-(05)-35 | 12173000 |
| | **TOTAL** | **36662643** |
| | **TOTAL(1+2+3+4+5)** | **75000000** |
| | | |
| | **TOTAL (A+B+C)** | **118672034** |